# മധുരമായ കുട്ടികളേ - യോഗബലത്തിലൂടെ മോശമായ സംസ്ക്കാരങ്ങളെ പരിവർത്തനപ്പെടുത്തി സ്വയത്തിൽ നല്ല സംസ്ക്കാരങ്ങൾ നിറക്കൂ. ജ്ഞാനത്തിന്റേയും പവിത്രതയുടേയും സംസ്ക്കാരം നല്ല സംസ്ക്കാരമാണ്

**ചോദ്യം:-** നിങ്ങൾ കുട്ടികളുടെ ജന്മാവകാശം എന്താണ്? നിങ്ങൾക്ക് ഇപ്പോൾ ഏതൊരു അനുഭവമാണ് ഉണ്ടാകുന്നത്?

**ഉത്തരം:-** മുക്തിയും ജീവന്മുക്തിയും നിങ്ങളുടെ ജന്മാവകാശമാണ്. നമുക്ക് ഇപ്പോൾ ബാബയോടൊപ്പം തിരിച്ച് വീട്ടിലേയ്ക്ക് പോകണം എന്ന അനുഭവം നിങ്ങൾക്ക് ഉണ്ടാകുന്നു. നിങ്ങൾക്ക് അറിയാം- ബാബ വന്നിരിക്കുന്നത് ഭക്തിയുടെ ഫലമായി മുക്തിയും ജീവന്മുക്തിയും നൽകാനാണ്. ഇപ്പോൾ എല്ലാവർക്കും ശാന്തിധാമത്തിലേയ്ക്ക് പോകണം. എല്ലാവർക്കും തന്റെ വീട്ടിന്റെ സാക്ഷാത്ക്കാരം ചെയ്യണം.

**ഓം ശാന്തി.** മനുഷ്യർ ബാബയെ സത്യമായ ചക്രവർത്തി എന്നും പറയുന്നു. ഇംഗ്ലീഷുകാർ ചക്രവർത്തി എന്നു പറയില്ല, അവർ സത്യമായ ഫാദർ എന്നു മാത്രമേ പറയൂ. ഗോഡ് ഫാദർ ഈസ് ട്രൂത്ത് എന്ന് പറയുന്നു. ഭാരതത്തിലാണ് സത്യമായ ചക്രവർത്തി എന്നു പറയുന്നത്. ഇപ്പോൾ വളരെ വലിയ വ്യത്യാസമുണ്ട്, ബാബ സത്യം മാത്രമാണ് പറയുന്നത്, സത്യം പഠിപ്പിക്കുന്നു, സത്യമാക്കി മാറ്റുന്നു. ഇവിടെ സത്യമായ ചക്രവർത്തി എന്നു പറയുന്നു. സത്യമാക്കി മാറ്റുന്നു ഒപ്പം സത്യഖണ്ഢത്തിന്റെ ചക്രവർത്തിയാക്കിയും മാറ്റുന്നു. തീർച്ചയായും മുക്തിയും നൽകുന്നുണ്ട് ജീവന്മുക്തിയും നൽകുന്നുണ്ട്, ഇതിനെയാണ് ഭക്തിയുടെ ഫലം എന്നു പറയുന്നത്. മുക്തിയും ഉദ്ധരിക്കലും. ഭക്തിയുടെ ഫലം നൽകുന്നു ഒപ്പം മുക്തിയും നൽകുന്നു. കുട്ടികൾക്ക് അറിയാം നമുക്ക് രണ്ടും നൽകുന്നു. എല്ലാവരേയും മുക്തമാക്കുന്നുണ്ട് പക്ഷേ ഫലം നൽകുന്നത് നിങ്ങൾക്കാണ്. ലിബറേഷനും ഫ്രൂസനും- ഇതും ഭാഷ ഉണ്ടാക്കിയിരിക്കുകയാണ്. ഭാഷകൾ അനേകമുണ്ട്. ശിവബാബയ്ക്കും അനേകം നാമങ്ങൾ വെയ്ക്കുന്നുണ്ട്. ആരെങ്കിലും പറയുകയാണ് ഇവരുടെ പേര് ശിവബാബാ എന്നാണ് എങ്കിൽ പറയും ഞങ്ങൾ ഇവരെ അധികാരി എന്നാണ് വിളിക്കുന്നത്. അധികാരി എന്നത് ശരിതന്നെ എങ്കിലും ഒരു പേരുവേണമല്ലോ. നാമത്തിനും രൂപത്തിനും ഉപരിയായി ഒരു വസ്തു ഉണ്ടാകില്ല. ഏതെങ്കിലും വസ്തുവിന്റേതായിരിക്കുമല്ലോ അധികാരി. നാമവും രൂപവും അത്യാവശ്യമാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം- ബാബ മുക്തമാക്കുന്നുണ്ട് വീണ്ടും എല്ലാവർക്കും ശാന്തിധാമത്തിലേയ്ക്ക് പോവുകതന്നെ വേണം. തന്റെ വീടിന്റെ സാക്ഷാത്ക്കാരം എല്ലാവർക്കും ചെയ്യണം. വീട്ടിൽ നിന്നല്ലേ വന്നത് അതിനാൽ ആദ്യം വീടിന്റെ സാക്ഷാത്ക്കാരം ചെയ്യും, അതിനെയാണ് ഗതി സദ്ഗതി എന്നു പറയുന്നത്. വാക്ക് ഉപയോഗിക്കുന്നുണ്ട് പക്ഷേ അർത്ഥരഹിതമായിട്ടാണ്. നിങ്ങൾ കുട്ടികൾക്ക് അനുഭവമാകുന്നുണ്ട്, നമ്മൾ നമ്മുടെ വീട്ടിലേയ്ക്കും പോകും പിന്നീട് ഫലവും ലഭിക്കും. നമ്പർ അനുസരിച്ചാണ് നിങ്ങൾക്ക് ലഭിക്കുന്നത് അതിനാൽ മറ്റു ധർമ്മങ്ങളിലുള്ളവർക്കും സമയം അനുസരിച്ചാണ് ലഭിക്കുന്നത്.  നിങ്ങൾ സ്വർഗ്ഗവാസികളാണോ അതോ നരകവാസികളാണോ? എന്ന ഈ നോട്ടീസ് വളരെ നല്ലതാണ് എന്നു ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്.  നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയൂ മുക്തിയും ജീവന്മുക്തിയും ഈശ്വരീയ പിതാവിൽ നിന്നുള്ള ജന്മാവകാശമാണ്. നിങ്ങൾക്ക് എഴുതാനും സാധിക്കും. ബാബയിൽ നിന്നും നിങ്ങൾ കുട്ടികൾക്ക് ഈ ജന്മാവകാശം ലഭിക്കുന്നു. ബാബയുടേതായി മാറുന്നതിലൂടെ ഇവ രണ്ടും പ്രാപ്തമാകുന്നു. അത് രാവണനിൽ നിന്നുള്ള ജന്മാവകാശമാണ്, ഇത് പരമപിതാ പരമാത്മാവിൽ നിന്നുള്ള ജന്മാവകാശമാണ്. ഇത് ഭഗവാനിൽ നിന്നുള്ള ജന്മാവകാശമാണ്, അത് ചെകുത്താനിൽ നിന്നുള്ള ജന്മാവകാശമാണ്. എന്തെങ്കിലും മനസ്സിലാക്കുന്ന രീതിയിൽ എഴുതണം. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് സ്വർഗ്ഗം സ്ഥാപിക്കണം. എത്ര കാര്യങ്ങൾ ചെയ്യണം! ഇപ്പോൾ എല്ലാവരും കുട്ടികളാണ്, മനുഷ്യർ കലിയുഗത്തെക്കുറിച്ച് പറയാറില്ലേ കുട്ടിയാണ് എന്ന് അതുപോലെ. ബാബ പറയുന്നു സത്യയുഗത്തിന്റെ സ്ഥാപന ഇപ്പോഴും കുട്ടിയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് സമ്പത്ത് ലഭിക്കുകയാണ്. രാവണനിൽ നിന്ന് ലഭിക്കുന്നതിനെ സമ്പത്ത് എന്ന് പറയാറില്ല. ഈശ്വരീയ പിതാവിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നത്. രാവണൻ പിതാവല്ലല്ലോ. രാവണനെ (5 വികാരങ്ങളാകുന്ന രാവണൻ) ചെകുത്താൻ എന്നാണ് പറയുന്നത്. ചെകുത്താനിൽ നിന്നും എന്താണ് സമ്പത്തായി ലഭിക്കുന്നത്? 5 വികാരങ്ങളാണ് ലഭിക്കുന്നത്, കാണിക്കുന്നതും അതാണ്, തമോപ്രധാനമായി മാറുന്നു. ഇപ്പോൾ എത്ര ദസറ ആചരിക്കുന്നു, ആഘോഷിക്കുന്നു. വളരെ അധികം ചിലവ് ചെയ്യുന്നു. വിദേശത്ത് നിന്ന് പോലും എല്ലാവരേയും ക്ഷണിക്കുന്നു. ദസറ ആഘോഷിക്കുന്നതിൽ ഏറ്റവും പ്രശസ്തം മൈസൂരാണ്. ധനവാന്മാർ ഒരുപാടുണ്ട്. രാവണ രാജ്യത്തിൽ ധനം ലഭിക്കുമ്പോൾ ബുദ്ധി തന്നെ മരവിച്ചുപോകുന്നു. ബാബ വിശദമായി പറഞ്ഞുതരികയാണ്. ഇതിന്റെ പേരുതന്നെ രാവണരാജ്യമെന്നാണ്. അതിനെ ഈശ്വരീയ രാജ്യം

എന്നാണ് പറയുന്നത്. രാമരാജ്യം എന്നു പറയുന്നതുപോലും തെറ്റാണ്. ഗാന്ധിജിയും രാമരാജ്യം വേണമെന്ന് ആഗ്രഹിച്ചിരുന്നല്ലോ. മനുഷ്യർ കരുതുന്നത് ഗാന്ധിജിയും അവതാരമാണ് എന്നാണ്. അദ്ദേഹത്തിനും എത്ര പണം കൊടുത്തിരുന്നു. ഭാരതത്തിന്റെ പിതാവ് എന്നാണ് വിളിക്കുന്നത്. എന്നാൽ ബാബ മുഴുവൻ വിശ്വത്തിന്റേയും പിതാവാണ്. ഇപ്പോൾ നിങ്ങൾ ഇവിടെ ഇരിക്കുകയാണ്, നിങ്ങൾക്ക് അറിയാം എത്ര ജീവാത്മാക്കളുണ്ടാകുമെന്ന്. ശരീരം വിനാശിയാണ്, ബാക്കി ആത്മാവ് അവിനാശിയാണ്. ആത്മാക്കൾ അനേകമുണ്ട്. മുകളിൽ നക്ഷത്രങ്ങൾ നിൽക്കുന്നില്ലേ അതുപോലെ. നക്ഷത്രങ്ങളാണോ കൂടുതൽ അതോ ആത്മാക്കളാണോ? എന്തെന്നാൽ നിങ്ങൾ ഭൂമിയിലെ നക്ഷത്രങ്ങളാണ്, അത് ആകാശത്തിലെ നക്ഷത്രങ്ങളാണ്. നിങ്ങളെ ദേവത എന്നാണ് വിളിക്കുന്നത് അവർ പിന്നീട് നക്ഷത്രങ്ങളെയും ദേവത എന്നു വിളിക്കുന്നു. നിങ്ങളെ ഭാഗ്യ നക്ഷത്രങ്ങൾ എന്ന് പറയാറില്ലേ.

ശരി, ഇതിനെക്കുറിച്ച് പരസ്പരം ചർച്ച ചെയ്യണം. ബാബ ഇപ്പോൾ ഈ കാര്യം ഉപേക്ഷിക്കുകയല്ല. ഇത് മനസ്സിലാക്കിത്തന്നിട്ടുണ്ട് എല്ലാ ആത്മാക്കളുടേയും പിതാവ് ഒരാളാണ്, ബ്രഹ്മാബാബയുടെ ബുദ്ധിയിൽ എല്ലാമുണ്ട്, ഏതെല്ലാം മനുഷ്യരുണ്ടോ അവരുടെയെല്ലാം പിതാവാണ്. ഇത് എല്ലാവർക്കും അറിയാവുന്നതാണ് മുഴുവൻ സൃഷ്ടിയും സമുദ്രത്തിലാണ് നിൽക്കുന്നത്. ഇതും എല്ലാവർക്കും അറിയില്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് രാവണരാജ്യം എന്നത് ഈ മുഴുവൻ സൃഷ്ടിയുമാണ്. രാവണരാജ്യം സാഗരത്തിന് അപ്പുറത്താണ്, ഇങ്ങനെയല്ല. സാഗരം എല്ലാത്തിനും ചുറ്റുമല്ലേ. പറയാറില്ലേ- താഴെ കാളയുണ്ട്, അതിന്റെ കൊമ്പുകളിലാണ് സൃഷ്ടി നിൽക്കുന്നത്. പിന്നീട് എപ്പോൾ ക്ഷീണിക്കുന്നോ അപ്പോൾ കൊമ്പ് മാറ്റുന്നു. ഇപ്പോൾ പഴയലോകം വിനാശമായി പുതിയ ലോകം സ്ഥാപിക്കുകയാണ്. ശാസ്ത്രങ്ങളിൽ അനേകം പ്രകാരത്തിലുള്ള കാര്യങ്ങൾ കെട്ടുകഥകൾ എഴുതിവെച്ചിട്ടുണ്ട്. ഇത് കുട്ടികൾക്ക് മനസ്സിലായിട്ടുണ്ട്- ഇവിടെ എല്ലാ ആത്മാക്കളും ശരീരത്തോടൊപ്പമാണ്, അതിനെയാണ് ജീവാത്മാവ് എന്ന് പറയുന്നത്. ആത്മാക്കളുടെ വീട്ടിൽ ശരീരം ഉണ്ടാകില്ല. അപ്പോൾ നിരാകാരി എന്നാണ് പറയുന്നത്. ജീവൻ എന്നത് ആകാരത്തിലാണ്, അതിനാൽ സാകാരം എന്ന് പറയുന്നു. നിരാകാരന് ശരീരം ഉണ്ടാകില്ല. ഇത് സാകാര സൃഷ്ടിയാണ്. അത് നിരാകാരീ ആത്മാക്കളുടെ ലോകമാണ്. ഇതിനെ സൃഷ്ടി എന്നു പറയും അതിനെ നിരാകാര ലോകം എന്ന് പറയും. ആത്മാവ് എപ്പോഴാണോ ശരീരത്തിലേയ്ക്ക് വരുന്നത് അപ്പോഴാണ് അഭിനയിക്കാൻ തുടങ്ങുന്നത്. ഇല്ലെങ്കിൽ ശരീരംകൊണ്ട് ഒരു പ്രയോജനവുമില്ല. അതിനാൽ അതിനെ നിരാകാരീ ലോകം എന്നാണ് പറയുന്നത്. എത്ര ആത്മാക്കളുണ്ടോ അവർക്ക് എല്ലാം അവസാനമാകുമ്പോൾ വരണം അതിനാൽ ഇതിനെ പുരുഷോത്തമ സംഗമയുഗം എന്നു പറയുന്നു. എല്ലാ ആത്മാക്കളും ഇവിടെ വന്നുകഴിഞ്ഞാൽ പിന്നെ അവിടെ ഒരാൾ പോലും ശേഷിക്കില്ല. അവിടെ തീർത്തും കാലിയാകുമ്പോൾ എല്ലാവരും ഇവിടെ നിന്ന് മടങ്ങും. നിങ്ങൾ നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് ഈ സംസ്ക്കാരം എടുത്തുകൊണ്ടുപോകുന്നു. ചിലർ ജ്ഞാനത്തിന്റെ സംസ്ക്കാരവും കൊണ്ടുപോകുന്നു, ചിലർ പവിത്രതയുടെ സംസ്ക്കാരവും കൊണ്ടുപോകുന്നു. വരേണ്ടത് വീണ്ടും ഇവിടേയ്ക്കുതന്നെയാണ്. പക്ഷേ ആദ്യം വീട്ടിലേയ്ക്ക് പോകണം. അവിടെ നല്ല സംസ്ക്കാരമാണ്. ഇവിടെ മോശമായ സംസ്ക്കാരമാണ്. നല്ല സംസ്ക്കാരം മാറി മോശമായ സംസ്ക്കാരമായി മാറുന്നു. പിന്നീട് മോശമായ സംസ്ക്കാരം യോഗബലത്തിലൂടെ നല്ലതായി മാറുന്നു. നല്ല സംസ്ക്കാരം അവിടേയ്ക്ക് കൊണ്ടുപോകും. ബാബയിലും പഠിപ്പിക്കുന്ന സംസ്ക്കാരമുണ്ടല്ലോ. അതിനാലാണ് വന്ന് മനസ്സിലാക്കിത്തരുന്നത്. രചയിതാവിന്റേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റേയും രഹസ്യം മനസ്സിലാക്കിത്തരുന്നു. ബീജത്തിന്റെ പരിചയവും തരുന്നു ഒപ്പം മുഴുവൻ വൃക്ഷത്തേയും മനസ്സിലാക്കിത്തരുന്നു. ബീജത്തിന്റെ പരിചയം ജ്ഞാനമാണ് എന്നാൽ വൃക്ഷത്തിന്റെ പരിചയം ഭക്തിയാണ്. ഭക്തിയിൽ ഒരുപാട് വിസ്താരമുണ്ടാകുമല്ലോ. ബീജത്തെ ഓർമ്മിക്കുക വളരെ സഹജമാണ്. അവിടേയ്ക്ക് തന്നെയാണ് പോകേണ്ടത്. തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറാൻ കുറച്ച് സമയമേ എടുക്കൂ. പിന്നീട് സതോപ്രധാനത്തിൽ നിന്നും തമോപ്രധാനമായി മാറുന്നതിന് കൃത്യം 5000 വർഷമെടുക്കുന്നു. ഇത് വളരെ കൃത്യമായി ഉണ്ടാക്കിയിരിക്കുന്ന ചക്രമാണ്, അത് ആവർത്തിച്ചുകൊണ്ടേയിരിക്കും. മറ്റാർക്കും ഈ കാര്യങ്ങൾ പറയാൻ സാധിക്കില്ല. നിങ്ങൾക്ക് പറയാൻ സാധിക്കും. പകുതി പകുതിയായി പിരിച്ചിരിക്കുന്നു. പകുതി സ്വർഗ്ഗവും പകുതി നരകവും പിന്നീട് അതിന്റെ വിശദാംശങ്ങളും നൽകുന്നു. സ്വർഗ്ഗത്തിൽ ജന്മം കുറവും ആയുസ്സ് കൂടുതലുമായിരിക്കും. നരകത്തിൽ ജന്മം കൂടുതലും ആയുസ്സ് കുറവുമായിരിക്കും. അവിടെ യോഗിയാണ് ഇവിടെ ഭോഗിയും അതിനാൽ വളരെ അധികം ജന്മങ്ങൾ എടുക്കേണ്ടതായി വരുന്നു. ഈ കാര്യങ്ങൾ മറ്റാർക്കും അറിയില്ല. മനുഷ്യർക്ക് ഒന്നും അറിയില്ല. ദേവതകൾ എപ്പോഴാണ് ഉണ്ടായിരുന്നത്, അവർ എങ്ങനെയാണ് ദേവതയായി മാറിയത്, എത്ര വിവേകശാലികളായി അവർ മാറി- ഇതും നിങ്ങൾക്ക് അറിയാം. ബാബ കുട്ടികളെ ഈ സമയത്ത് പഠിപ്പിച്ച് 21 ജന്മങ്ങളിലേയ്ക്കുള്ള സമ്പത്ത് നൽകുകയാണ്. ശേഷം നിങ്ങൾക്ക് ഈ സംസ്ക്കാരമുണ്ടാകില്ല. പിന്നീട് ദുഃഖത്തിന്റെ സംസ്ക്കാരമായിരിക്കും ഉണ്ടാവുക. എങ്ങനെയാണോ രാജ്യം ഭരി

ക്കേണ്ട സംസ്ക്കാരം ഉണ്ടാകുമ്പോൾ പഠിച്ച ജ്ഞാനത്തിന്റെ സംസ്ക്കാരം പൂർത്തിയാകുന്നത് അതു പോലെ. ഈ സംസ്ക്കാരം പൂർത്തിയായിക്കഴിഞ്ഞാൽ പിന്നെ നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് രുദ്രമാലയിൽ കോർക്കപ്പെടും പിന്നീട് നമ്പർവൈസായി പാർട്ട് അഭിനയിക്കാൻ വരും. ആരാണോ പൂർണ്ണമായും 84 ജന്മങ്ങൾ എടുത്തത് അവരാണ് ആദ്യം വരുന്നത്. അവരുടെ പേരും പറഞ്ഞുതരുന്നു. സ്വർഗ്ഗത്തിലെ ആദ്യത്തെ രാജകുമാരൻ കൃഷ്ണനാണ്. നിങ്ങൾക്ക് അറിയാം ഒരാൾ മാത്രമായിരിക്കില്ല ഉണ്ടാവുക, മുഴുവൻ രാജധാനിയും ഉണ്ടാകും. രാജാവിനൊപ്പം മുഴുവൻ രാജധാനിയും വേണം. ഒരാളിൽ നിന്നും അടുത്തയാൾ ജനിക്കുക- ഇതും സാധ്യമാണ്. അഥവാ പറയുകയാണ് 8 പേരും ഒരുമിച്ചാണ് വരുന്നത് അപ്പോഴും ശ്രീകൃഷ്ണൻ നമ്പർവണ്ണിലല്ലേ വരിക. 8 പേരും ഒരുമിച്ചാണ് വരുന്നതെങ്കിൽ പിന്നെ കൃഷ്ണനുമാത്രം ഇത്രയും മഹിമ പാടുന്നത് എന്തിനാണ്? ഈ കാര്യങ്ങളെല്ലാം മുന്നോട്ട് പോകവേ മനസ്സിലാക്കിത്തരും. പറയാറില്ലേ ഇന്ന് നിങ്ങൾക്ക് വളരെ ഗുഹ്യത്തിലും ഗുഹ്യമായ കാര്യങ്ങൾ കേൾപ്പിക്കുന്നുവെന്ന്. എന്തെങ്കിലും ബാക്കിയുണ്ടാകുമല്ലോ. ഈ യുക്തി വളരെ നല്ലതാണ് - ഏത് കാര്യം മനസ്സിലാകുന്നില്ലയോ അതിനെക്കുറിച്ച് ഇങ്ങനെ പറയണം ഈ കാര്യങ്ങൾക്ക് മുതിർന്ന സഹോദരിയ്ക്ക് ഉത്തരം നൽകാൻ കഴിയും അല്ലെങ്കിൽ ബാബ ഇതിനെക്കുറിച്ച് ഒന്നും ഇപ്പോൾ പറഞ്ഞിട്ടില്ല എന്നും പറയാവുന്നതാണ്. ദിനം പ്രതിദിനം ഗുഹ്യത്തിലും ഗുഹ്യമായ കാര്യങ്ങൾ മനസ്സിലാക്കിത്തരും. ഇത് പറയുന്നതിൽ ലജ്ജിക്കേണ്ട ആവശ്യമില്ല. ഗുഹ്യത്തിലും ഗുഹ്യമായ കാര്യങ്ങൾ നിങ്ങളെ കേൾപ്പിക്കുമ്പോൾ നിങ്ങൾക്ക് വളരെ സന്തോഷമുണ്ടാകും. അവസാനം പിന്നീട് പറയും മന്മനാഭവ, മദ്ധ്യാജീഭവ. ഈ പദങ്ങൾ ശാസ്ത്രങ്ങൾ നിർമ്മിച്ചവർ ഉണ്ടാക്കിയതാണ്. സംശയിക്കേണ്ട കാര്യമേയില്ല. കുട്ടി അച്ഛന്റേതായി എങ്കിൽ പരിധിയില്ലാത്ത സുഖം ലഭിച്ചു. ഇതിൽ മനസാ, വാചാ, കർമ്മണാ പവിത്രതയുടെ ആവശ്യകതയുണ്ട്. ലക്ഷ്മീ നാരായണന് ബാബയുടെ സമ്പത്ത് ലഭിച്ചിട്ടുണ്ടല്ലോ. ഇവരാണ് നമ്പർ വൺ ആകുന്നത്, ഇവരുടെ പൂജ തന്നെയാണ് ഉണ്ടാകുന്നത്. സ്വയത്തെയും നോക്കൂ - എന്റെ ഉള്ളിൽ ഇങ്ങനെയുള്ള ഗുണങ്ങളുണ്ടോ? ഇപ്പോൾ നിർഗുണരല്ലേ. തന്റെ അവഗുണങ്ങളെക്കുറിച്ചും ചിലർക്ക് അറിയില്ല.

ഇപ്പോൾ നിങ്ങൾ ബാബയുടേതായി മാറി അതിനാൽ തീർച്ചയായും പരിവർത്തനപ്പെടേണ്ടി വരും. ബാബ ബുദ്ധിയുടെ പൂട്ട് തുറന്നിട്ടുണ്ട്. ബ്രഹ്മാവിന്റേയും വിഷ്ണുവിന്റേയും രഹസ്യം മനസ്സിലാക്കിത്തന്നിട്ടുണ്ട്. ബ്രഹ്മാവ് പതിതമാണ് എന്നാൽ വിഷ്ണു പാവനമാണ്. ദത്തെടുക്കുന്നത് ഈ പുരുഷോത്തമ സംഗമയുഗത്തിൽ തന്നെയാണ്. പ്രജാപിതാ ബ്രഹ്മാവ് എപ്പോഴാണോ ഉണ്ടാകുന്നത് അപ്പോഴാണ് ദത്തെടുക്കുന്നത്. സത്യയുഗത്തിൽ ദത്തെടുക്കില്ല. ഇവിടെയും ആർക്കെങ്കിലും കുട്ടികൾ ഇല്ലെങ്കിൽ അവർ ദത്തെടുക്കുന്നു. പ്രജാപിതാവിനും തീർച്ചയായും ബ്രാഹ്മണ കുട്ടികൾ വേണം. ഇത് മുഖവംശാവലിയാണ്. അവർ ശരീരവംശാവലിയാണ്. ബ്രഹ്മാവ് പ്രശസ്തമാണ്. ഇവരുടെ സർനേമ് പരിധിയില്ലാത്തതാണ്. എല്ലാവരും മനസ്സിലാക്കുന്നുണ്ട് പ്രജാപിതാ ബ്രഹ്മാവ് ആദിദേവനാണ്, അവരെ ഇംഗ്ലീഷിൽ ഗ്രേറ്റ് ഗ്രേറ്റ് ഗ്രാൻഡ്ഫാദർ എന്ന് വിളിക്കുന്നു. ഇതാണ് പരിധിയില്ലാത്ത സർനേമ്. ബാക്കിയുള്ളതെല്ലാം പരിധിയുള്ള സർനേമാണ് അതിനാൽ ബാബ മനസ്സിലാക്കിത്തരികയാണ് - ഇത് തീർച്ചയായും എല്ലാവരും അറിഞ്ഞിരിക്കണം അതായത് ഭാരതമാണ് ഏറ്റവും വലിയ തീർത്ഥസ്ഥാനം, ഇവിടെയാണ് പരിധിയില്ലാത്ത ബാബ വരുന്നത്. മുഴുവൻ ഭാരതത്തിലും വസിക്കുകയാണ് എന്നല്ല. ശാസ്ത്രങ്ങളിൽ മഗധദേശം എന്ന് എഴുതിയിട്ടുണ്ട്, പക്ഷേ ജ്ഞാനം എവിടെയാണ് പഠിപ്പിച്ചത്? അബുവിൽ എങ്ങനെയാണ് വന്നത്? ദിൽവാഡാ ക്ഷേത്രവും ഇവിടുത്തെ പൂർണ്ണമായ ഓർമ്മചിഹ്നമാണ്. ആരാണോ ഇത് നിർമ്മിച്ചത്, അവരുടെ ബുദ്ധിയിൽ വന്നു അവർ ഇരുന്ന് പണികഴിപ്പിച്ചു. കൃത്യമായ മോഡൽ ഉണ്ടാക്കാൻ സാധിക്കില്ലല്ലോ. ബാബ ഇവിടെത്തന്നെയാണ് വന്ന് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നത് അല്ലാതെ മഗധ ദേശത്തിലല്ല. അത് പാക്കിസ്ഥാനിലാണ്. എന്നാൽ ഇത് പവിത്രമായ സ്ഥാനമാണ്. വാസ്ഥവത്തിൽ പാക്കിസ്ഥാൻ (പവിത്രമായ ദേശം) എന്ന് സ്വർഗ്ഗത്തെയാണ് പറയുന്നത്. പവിത്രതയും അപവിത്രതയും കൊണ്ട് ഈ മുഴുവൻ ഡ്രാമയും ഉണ്ടാക്കിയിരിക്കുന്നു.

അതിനാൽ മധുര മധുരമായ ഓമന മക്കളേ- നിങ്ങൾ ഇത് മനസ്സിലാക്കുന്നുണ്ടല്ലോ ആത്മാവും പരമാത്മാവും വളരെക്കാലം വേർപിരിഞ്ഞിരുന്നു... എത്ര കാലങ്ങൾക്കുശേഷമാണ് കണ്ടുമുട്ടുന്നത്? വീണ്ടും എപ്പോൾ കാണും? ദല്ലാളിന്റെ രൂപത്തിൽ സദ്ഗുരുവിനെ ലഭിച്ചപ്പോൾ സുന്ദരമായ മിലനം നടന്നു. ഗുരുക്കന്മാർ അനേകമുണ്ട് അതിനാൽ സദ്ഗുരു എന്നാണ് പറയുന്നത്. സ്ത്രീ വിവാഹിതയാകുമ്പോൾ പറയാറുണ്ട് ഈ പതി നിന്റെ ഗുരുവും ഈശ്വരനും കൂടിയാണെന്ന്. എന്നാൽ പതി ഏറ്റവുമാദ്യം അപവിത്രമാക്കി മാറ്റുന്നു. ഇന്നുകാലത്ത് ലോകത്ത് വളരെ അധികം അഴുക്കാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് പുഷ്പമായി മാറണം. നിങ്ങൾ കുട്ടികളെ വളരെ ഉറച്ച കങ്കണം ബാബ അണിയിക്കുന്നു.

തീർച്ചയായും ശിവ ജയന്തിയോടൊപ്പമാണ് രക്ഷാബന്ധനവും ആഘോഷിക്കുന്നത്. ഗീതാ ജയന്തിയും ഉണ്ടാകണം. കൃഷ്ണന്റെ ജയന്തി അല്പസമയത്തിനുശേഷം പുതിയ ലോകത്തിലാണുണ്ടാകുന്നത്. ബാക്കി ആഘോഷങ്ങളെല്ലാം ഈ സമയത്തേതാണ്. രാമനവമി എപ്പോഴാണ് ഉണ്ടായത്– ഇതും ആർക്കും അറിയില്ല. നിങ്ങൾ പറയും പുതിയ ലോകത്തിൽ 1250 വർഷങ്ങൾക്കുശേഷമാണ് രാമനവമി ഉണ്ടാകുന്നത്. ശിവജയന്തി, കൃഷ്ണ ജയന്തി, രാമജയന്തി ഇവ എപ്പോഴാണ് ഉണ്ടായത്...? ഇത് ആർക്കും പറയാൻ സാധിക്കില്ല. നിങ്ങൾ കുട്ടികളും ഇപ്പോൾ ബാബയിലൂടെ മനസ്സിലാക്കിയിരിക്കുന്നു. കൃത്യമായി പറയാൻ കഴിയും. നിങ്ങൾക്ക് ഈ മുഴുവൻ ലോകത്തിന്റേയും ജീവിതകഥ പറയാൻ സാധിക്കും. ലക്ഷക്കണക്കിന് വർഷങ്ങളാണെങ്കിൽ പറയാൻ കഴിയില്ല. ബാബ എത്ര നല്ല പരിധിയില്ലാത്ത പഠിപ്പാണ് പഠിപ്പിക്കുന്നത്. ഒരു തവണകൊണ്ട് നിങ്ങൾ 21 ജന്മങ്ങളിൽ നഗ്നമാകുന്നതിൽ നിന്നും രക്ഷപ്പെടുന്നു. ഇപ്പോൾ നിങ്ങൾ 5 വികാരങ്ങളാകുന്ന രാവണന്റെ അന്യരാജ്യത്തിലാണ്. ഇപ്പോൾ മുഴുവൻ 84 ജന്മങ്ങളുടെ ചക്രം നിങ്ങളുടെ സ്മൃതിയിൽ വരുന്നുണ്ട്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര–മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത് പ്രാപ്തമാക്കുന്നതിനായി മനസാ വാചാ കർമ്മണാ തീർച്ചയായും പവിത്രമായി മാറണം. നല്ല സംസ്ക്കാരങ്ങൾ യോഗബലത്തിലൂടെ ധാരണ ചെയ്യണം. സ്വയം ഗുണവാനായി മാറണം.

2) സദാ സന്തോഷമായിരിക്കുന്നതിനുവേണ്ടി ബാബ ദിവസവും കേൾപ്പിക്കുന്ന അതീവ രഹസ്യമായ കാര്യങ്ങളെ കേൾക്കുകയും അത് മറ്റുള്ളവരെ കേൾപ്പിക്കുകയും വേണം. ഒരു കാര്യത്തിലും സംശയിക്കരുത്. യുക്തിപൂർവ്വം ഉത്തരം നൽകണം. ലജ്ജിക്കരുത്.

## വരദാനം – സുഖ സ്വരൂപരായി ഓരോ ആത്മാവിനും സുഖം നൽകുന്നവരായ മാസ്റ്റർ സുഖദാതാവായി ഭവിക്കട്ടെ.

ഏതൊരു കുട്ടികളാണോ യഥാർത്ഥ കർമ്മങ്ങൾ ചെയ്യുന്നത് അവർക്ക് കർമ്മത്തിന്റെ പ്രത്യക്ഷഫലമായ സന്തോഷവും ശക്തിയും ലഭിക്കുന്നു. അവർ സദാ സന്തുഷ്ട ഹൃദയരായിരിക്കും, അവരിൽ സങ്കൽപ്പത്തിൽ പോലും ദുഖത്തിന്റെ അലകൾ വരുന്നില്ല. സംഗമയുഗീ ബ്രാഹ്മണൻ എന്നാൽ ദുഖത്തിന്റെ പേരും അടയാളവും ഇല്ലാത്തവർ എന്നാണ് കാരണം സുഖ ദാതാവിന്റെ മക്കളാണ്. ഇങ്ങനെയുള്ള സുഖദാതാവിന്റെ മക്കൾ സ്വയവും മാസ്റ്റർ സുഖദാതാക്കളായിരിക്കും. അവർ ഓരോ ആത്മാവിനും സദാ സുഖം നൽകി കൊണ്ടിരിക്കും. അവർ ഒരിക്കലും ദുഖം നൽകില്ല ദുഖം എടുക്കില്ല.

## സ്ലോഗൻ – മാസ്റ്റർ ദാതാവായി സഹയോഗം, സ്നേഹം, സഹാനുഭൂതി നൽകുക – ഇതാണ് ദയാഹൃദയ ആത്മാക്കളുടെ ലക്ഷണം.